For Private Circulation Only May 2021

# ആശാദൂതൻ

HOLY BIBLE

Vol.68 No.5

“ അവർ നിന്റെ ന്യായപ്രമാണത്തെ അനുസരിക്കായ്കകൊണ്ടു എന്റെ കണ്ണിൽ നിന്നു കണ്ണുനീർ ഒഴിക്കുന്നു ” (സങ്കീ.. 119:130)

## അസാധാരണമായ ഏകീകൃത പ്രാർത്ഥന

By Bill Elliff

കുറെ വർഷങ്ങൾക്കു മുമ്പു ഞാൻ ഒരു വിമാന യാത്ര നടത്തികൊണ്ടിരുന്നപ്പോൾ എന്റെ അരികിൽ ഇരുന്ന ഒരു ബിസിനസ്സുകാരനായ ഒരു വ്യക്തി റോളക്സ് വാച്ചും നല്ല വിലയുള്ള സ്യൂട്ടും ഷൂസും ഒക്കെ ഇദ്ദേഹം ധരിച്ചിരുന്നു. എനിക്കറിയില്ല എന്തുകൊണ്ട് എങ്കിലും ഞാൻ ചിന്തിച്ചു ഇദ്ദേഹം ഒരു ശക്തനായ മനുഷ്യനാണ്. അദ്ദേഹം മിക്കവാറും പ്രധാനപ്പെട്ടവനും, വളരെ ശ്രേഷ്ഠനുമായ ഏതോ ഒരു പ്രാചകനും നേതൃത്വം കൊടുക്കുകയും ചെയ്യുന്ന വ്യക്തിയായിരിക്കുമെന്ന്. വളരെ പെട്ടെന്ന് എന്റെ മനസ്സിലേക്ക് ഒരു ചോദ്യം കടന്നു വന്നു, അത് പരിശുദ്ധാത്മാവു പ്രവർത്തിച്ചതാണ്. ആരാണ് ഈ വിമാനയാത്രക്കാരിൽ ഏറ്റവും ശ്രേഷ്ടൻ? വേഗത്തിൽ കർത്താവു ഇതിനും ഉത്തരം നൽകി. കർത്താവു പറഞ്ഞു “ബിൽ, ഏറ്റവും ശ്രേഷ്ഠനും ആയ ഈ വിമാനക്കാരിൽ ആരാണെന്നു ചോദിച്ചാൽ ഉത്തരം ആരാണോ പ്രാർത്ഥിക്കുന്നത് അവനാണ് എന്തുകൊണ്ടെന്നാൽ, നീ കാണുന്നു ആ വ്യക്തിയിൽ ദൈവത്തിന്റെ സമവാക്യം. ഏറ്റവും പ്രധാനപ്പെട്ട വ്യക്തി ഏത് റൂമിലായിരുന്നാലും ഏത് മീറ്റിംഗിൽ ആയിരുന്നാലും ആരാണോ പ്രാർത്ഥിരുന്നാലും ആരാണോ പ്രാർത്ഥിക്കുന്നത് അവനാണ്.

നമുക്ക് ഇതിനെ ഒരു അല്പം കൂടി വിശദമായി കാണാം. എത്രയോ ശക്തമാണ് ഒരു മനുഷ്യൻ ഒറ്റയ്ക്ക് പ്രാർത്ഥിക്കുന്നതിലും ഒരു കുടുംബം മുഴുവനായിട്ട് പ്രാർത്ഥിക്കുന്നത്? എത്രയോ വലിയ ശക്തിയാണ് ഒരു കുടുംബം പ്രാർത്ഥിക്കുന്നതിലും ഒരു സഭ മുഴുവനും ഒരുമിച്ച് നിർത്താതെ തുടർച്ചയായിട്ട് പ്രാർത്ഥിക്കുമ്പോൾ? അമേരിക്കയിലെ മുഴുവൻ വിശ്വാസികളും ഒരുമിച്ച് പ്രാർത്ഥിക്കുമ്പോൾ ദൈവിക പ്രവർത്തനം സ്വർഗ്ഗത്തിൽ ഇറങ്ങി വരുന്നത്? ഏറ്റവും പ്രധാനപ്പെട്ട വസ്തുത പ്രാർത്ഥനയിൽ വരുന്നത് – ദൈവമക്കൾ ഒരുമിച്ച് ഇരുന്നു കരഞ്ഞ് ദൈവത്തോടു അപേക്ഷിക്കുമ്പോൾ. അതിനെ എതിർക്കുവാൻ കഴിയുന്ന വേറൊരു ശക്തിയുമില്ല. അതോടൊപ്പം അവിടെ കർത്താവിന്റെ മഹത്വം വെളിപ്പെടുകയും ചെയ്യും. “ ജോർജ്ജ് മുള്ളറിന്റെ മരുമകൻ ഏ. റ്റി.പേർസൺ ഇങ്ങനെ പറയുകയുണ്ടായി. ഒരുമിച്ച് ഉള്ള ഒരു പ്രാർത്ഥനയിൽ കൂടിയല്ലാതെ ഒരു രാജ്യത്തോ? ദേശത്തോ കർത്താവ് ഒരു ആത്മീക ഉണർവ്വിനെ കൊണ്ടു വരുന്നില്ല ”.

ഞാൻ നിങ്ങളോടു വളരെ പ്രധാനപ്പെട്ട ഒരു ചോദ്യം ചോദിക്കുകയാണ്, നിങ്ങളുടെ ജീവിതങ്ങൾ ഒരുക്കിയെടുക്കേണ്ട ഒരു ക്രമപ്പെടുത്തലിനെ കുറിച്ച് ഞാൻ ആദ്യം തന്നെ ചോദിച്ചു കൊള്ളട്ടെ. എന്തുകൊണ്ട് മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കേണം (ലൂക്കൊ. 18:1). എന്തുകൊണ്ടാണ് നമ്മൾ ഇപ്പോൾ കൂടുതലായിട്ടു ഉത്സാഹിക്കേണ്ടത് പഴയ സമയത്തേക്കാളും ഒരുമിച്ച് ഇരുന്ന് പ്രാർത്ഥിക്കേണ്ടത് നമ്മുടെ ദേശത്തിനു വേണ്ടിയും രാജ്യത്തിനു വേണ്ടിയും.

എഫേസ്യർ 6:10–20 വചനങ്ങളെ അടിസ്ഥാനപ്പെടുത്തി ഇതിനു മൂന്നു കാരണങ്ങൾ പറയാം. “ഒടുവിൽ കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ. പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തു നില്പ്പാൻ കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊള്ളുവിൻ. നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ. അതുകൊണ്ടു നിങ്ങൾ ദുർദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ടു ഉറെച്ചു നില്പാനും കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊൾവിൻ ” (വാക്യം 10–13).

### അന്ത്യമില്ലാത്ത ശത്രു

ഇവിടെ നമ്മൾ പ്രാർത്ഥനയിൽ ഒരുമിക്കേണ്ടതിന്റെ ഒരു പ്രധാനപ്പെട്ട കാരണം നമുക്ക് ഒരു അന്ത്യമില്ലാത്ത ഒരു ശത്രു ഉണ്ട്. അവൻ ഒരിക്കലും പിൻമാറുകയില്ല. പിശാച് ഒരിക്കലും പറയുകയില്ല കൊള്ളാം കോവിഡിന്റെ കാലഘട്ടമായതിനാൽ ഞാൻ ഇനിയും യേശുക്രിസ്തുവിന്റെ സഭയെ ഉപദ്രവിക്കുന്നത് നിർത്തുകയാണെന്ന് പിശാച് ഒരിക്കലും അവസാനം / അന്ത്യമില്ലാത്ത ഒരു ശത്രുവാണ്. അവന്റെ പ്രവൃത്തികൾ ഒരിക്കലും നിർത്തുന്നില്ല. ഇവിടെ അപ്പോസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വളരെ ശ്രദ്ധേയമാണ്.

അവൻ പറയുന്നത്, നമ്മുടെ ഈ ശത്രുവിന് ആദ്യത്തെ കാര്യമെന്നത് ശക്തിയാണ്. എന്നാൽ താല്ക്കാലികമായിട്ടുള്ള അധികാരം. ഈ അധികാരം നീണ്ട് നിൽക്കുന്ന ഒരു അധികാരമല്ല. എന്നാൽ പൗലൊസു ഉപയോഗിക്കുന്ന വാക്കുകൾ ശ്രദ്ധിച്ചാലും അവൻ പറയുന്നത് നമ്മൾ ഒരിക്കലും ജഡരക്തങ്ങളോടും പോരാടേണ്ടതില്ലയെന്നാണ്. ഇത് നമ്മുടെ യുദ്ധമല്ല. നമ്മൾ പോരാടേണ്ടിയത് അധികാരങ്ങളോടാണ്. എന്നത് സൂചിപ്പിക്കുന്നത് ഒരു നിലയിലുള്ള അധികാരം/മേൽക്കോയ്മ നിലനിൽക്കുന്നുവെന്നാണ്. ഇവിടെ സൂചിപ്പിക്കുന്ന വാഴ്ചകൾ കാണിക്കുന്നത് ശത്രുവിന് ഒരു നിലയിലുള്ള കഴിവ് ഉണ്ടെന്നുള്ളതാണ്. അവൻ കാര്യങ്ങൾ ചെയ്യുന്നു, അവൻ കാര്യങ്ങൾ പ്രവർത്തിക്കുന്നു. പിശാച് ചിലപ്പോൾ ദൈവീക പ്രവർത്തങ്ങളെ നിഷ്ക്രീയം ആക്കുകയും നമ്മൾ നിരാശപ്പെടുകയും ചെയ്യുന്നു. പൗലൊസ്പറയുന്നു ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മ സേനയോടും

(ശേഷം 4-ാംപേജിൽ)

# പ്രാർത്ഥനയിൽ കാര്യങ്ങൾ നിരത്തുക

By Andrew Osakue

ദൈവവചനം നമ്മോടും കർത്താവിന്റെ സർവ്വായുധവർഗ്ഗം ധരിക്കണമെന്നു അനുശാസിക്കുമ്പോൾ ഞാൻ ചിന്തിക്കുന്നു അപ്പോസ്തലനായ പൗലൊസ് പറയുന്നവയിൽ പ്രധാനപ്പെട്ട കാര്യം ആത്മാവിൽ പ്രാർത്ഥിച്ചു (എഫെ. 6:18). " നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു " (യാക്കോ. 5:16).

അപ്പോസ്തല പ്രവൃത്തികൾ 12-ാം അദ്ധ്യായം പഠിക്കുമ്പോൾ കാണാൻ കഴിയും പ്രാർത്ഥനയാൽ മാത്രമേ ഏതു കാര്യവും സാധിക്കുകയുള്ളുവെന്ന്. ഈ ഭാഗത്തു നമ്മൾ വായിക്കുന്നു. " യോഹന്നാൻ സഹോദരനായ യാക്കോബിനെ അവൻ വാൾകൊണ്ടു കൊന്നു. അതു യഹൂദന്മാർക്കു പ്രസാദമായി എന്നു കണ്ടു അവൻ പത്രൊസിനെയും പിടിച്ചു (അപ്പോ. 12:2,3). പത്രോസിനെ ഹെരോദാവ് പിടിച്ചതിനുശേഷം ഒരു പ്രത്യേക രീതിയിൽ പ്രദർശനത്തിനായിട്ടും കാര്യങ്ങൾ തയ്യാറാക്കി. എല്ലവർക്കും ഒരു പടയാളിയെ മാത്രമാണ് കുറ്റക്കാരന്റെ കൂട്ടത്തിൽ സൂക്ഷിപ്പുകാരനായിട്ടു നിറുത്തുകയുള്ളൂ. എന്നാൽ പത്രൊസിന്റെ കാര്യത്തിൽ രണ്ട് പടയാളികളെ സൂക്ഷിപ്പുകാരനായി നിർത്തിയിരിക്കും (വാക്യം 6). അവനെ കാപ്പാൻ നന്നാലു ചേവകർ ഉള്ള നാലുകൂട്ടത്തിനു ഏല്പിച്ചു (വാക്യം 4). " കൂടാതെ ഒരു വലിയ ഇരുമ്പ് വാതിലും ഉണ്ടായിരുന്നു " (വാക്യം 10).

5-ാം വാക്യത്തിലേയ്ക്കു ശ്രദ്ധിക്കാം "ഇങ്ങനെ പത്രോസിനെ തടവിൽ സൂക്ഷിച്ചു വരുമ്പോൾ സഭ ശ്രദ്ധയോടു അവനുവേണ്ടി ദൈവത്തോടും പ്രാർത്ഥന കഴിച്ചു പോന്നു" (വാക്യം 5). ഇവിടെയാണ് പ്രധാന ഭാഗം വരുന്നത്, പത്രോസിനെ രണ്ടു ചങ്ങലകളാൽ ബന്ധിക്കപ്പെട്ടവനായി രണ്ടു ചേവകരുടെ ഇടയിൽ നില്ക്കുന്നതാണ് കാണുന്നത്. പടയാളികൽ അവനു സൂക്ഷിക്കുന്നവനായിട്ടു പുറത്തു ജാഗ്രതയോടു കാവൽ ചെയ്യുന്നു. വീണ്ടും നന്നാലു ചേവകർ ഉള്ള നാലു കൂട്ടത്തിൽ ഇടയിലായിരിക്കുകയാണ്. ഇതെല്ലാം കൂടി പതിനാറുപേർ. വീണ്ടും ഒരു വലിയ പ്രതിസന്ധിയായിട്ടു ഒരു വലിയ ബലമുള്ള ഇരുമ്പ് വാതിൽ . ഇങ്ങനെയുള്ള ഒരു സന്ദർഭത്തിൽ സഭ മറിയയുടെ ഭവനത്തിൽ ഇരുന്ന് ശ്രദ്ധയോയുകൂടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു.

വിശുദ്ധ ബൈബിൾ 5-ാം വചനത്തിൽ പറയുന്നത് ഞാൻ വിശ്വസിക്കുന്നു. 2021-ൽ നമ്മോടു വ്യക്തമായിട്ടു സംസാരിക്കുന്നു. ശ്രദ്ധയോടു കൂടിയ പ്രാർത്ഥന. ഇത് ഒരു ഗ്രീക്ക് പദത്തിൽ വരുന്നതാണ്. ektenos, ഇത് ഒരു മെഡിക്കൽ പദമാണ്. ഇതിന്റെ അർത്ഥം ഒരുവന്റെ മനസ്സിൽ ശക്തി കാണിക്കുക എന്നതാണ്. ഇവിടെ ഒരു കാര്യം ശ്രദ്ധേയമാണ്. ഈ സഭ ഒരു നുണ പ്രചരിപ്പിക്കുന്ന ഒരു സഭയല്ലായിരുന്നു. അവർക്ക് സംസാരിച്ച് വെറുതെ സമയം കളയുവാനില്ലായിരുന്നു. അവർ മീഡിയക്കാരെ വിളിച്ചില്ല, ലോക മനുഷ്യർ സംസാരിക്കുന്നതുപോലെ അവർ സംസാരിക്കുവാൻ ശ്രമിച്ചില്ല, ലോക മനുഷ്യർ നടക്കുന്നതുപോലെ അവർ നടന്നില്ല. ലോകം പേടിക്കുന്നതുപോലെ അവർ പേടിച്ചില്ല. സഭ

(ശേഷം 7-ാംപേജിൽ)

**കർത്താവിൽ പ്രിയരേ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" യഹോവയിൽ ആശ്രയിക്കയും യഹോവ തന്നെ ആശ്രയമായിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ. അവൻ വെള്ളത്തിന്നരികെ നട്ടിരിക്കുന്നതും ആറ്ററികെ വേരൂന്നിയിരിക്കുന്നതുമായ വൃക്ഷം പോലെയാകും. ഉഷ്ണം തട്ടുമ്പോൾ അതു പേടിക്കയില്ല. അതിന്റെ ഇല പച്ചയായിരിക്കും വരൾച്ചയുള്ളകാലത്തും വാട്ടം തട്ടാതെ ഫലം കായ്ച്ചുകൊണ്ടിരിക്കും " (യിരെ. 17:7).

2021 -ാം വർഷത്തിന്റെ ഏപ്രിൽ മാസം നമ്മെ വിട്ട് കടന്നുപോയി. മേയ് മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

നാം ഈ ലോകത്തിൽ ജീവിക്കുമ്പോൾ അനേക കഷ്ടങ്ങളിൽ കൂടി കടന്നു പോകേണ്ട വരും. എന്നാലും നാം ഭയപ്പെടരുത്.

ദൈവവുമായി ഒരു നല്ല ബന്ധം കാത്തു സൂക്ഷിക്കുക. ദൈവത്തോടുള്ള ബന്ധം പുലർത്തുക. അപ്പോൾ ദൈവത്തിന് പ്രസാദകരമായ വഴികളിലൂടെ ദൈവം നമ്മെ നടത്തും.

എന്നാൽ യേശുവിനെ കൂടാതെ നാം ഒന്നുമില്ല. യേശു പറഞ്ഞു. ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ചു തന്റെ ക്രൂശു എടുത്തു എന്നെ അനുഗമിക്കട്ടെ. വരും നാളുകളിൽ പിശാചിന്റെ ശക്തികളെ തകർത്ത് ദൈവരാജ്യം സ്ഥാപിതമാക്കുവാൻ നമുക്ക് ശ്രമിക്കാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No.** 67342839891 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം


# ആഗമനദൂതൻ



ബിന്ദു.എം
എഡിറ്റർ
Mob:8589901702

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: 9446590913, 9809882926
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

# നിങ്ങളുടെ അയൽക്കാർക്കു വേണ്ടി പ്രാർത്ഥിക്കാം

By Kim Butts

സുവിശേഷീകരണത്തിൽ പ്രാർത്ഥന വളരെ പ്രധാനപ്പെട്ടതാണ്. ഇത് ആർക്കു ചെയ്യാം. ഞാൻ ചിന്തിക്കുന്നു പ്രാർത്ഥന കൂടാതെ ആരും ദൈവസന്നിധിയിലേക്കു വരുന്നില്ലായെന്ന്. നമ്മുടെ മാതാപിതാക്കൾ / സുഹൃത്തുക്കൾ ഇവരൊക്കെയും കർത്താവിനെ അറിയുവാനായിട്ട് നാം പ്രാർത്ഥിച്ചിട്ടുണ്ട്. ചിലർക്ക് ഒരു അറിവുമില്ല, ആരാണ് നമുക്ക് വേണ്ടി പ്രാർത്ഥിച്ചതെന്ന് സ്വർഗ്ഗത്തിൽ ചെല്ലുന്നതുവരെ നമ്മൾ എന്തു അറിയുന്നു വചനത്തിൽ കൂടി "ഞാൻ മുഖാന്തരം അല്ലാതെ ആരും, പിതാവിന്റെ അടുക്കൽ എത്തുന്നില്ല". (യോഹ. 14:6). " എന്നെ അയച്ച പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കു എന്റെ അടുക്കൽ വരുവാൻ കഴിയുകയില്ല" (യോഹ. 6:44). ദൈവജനത്തിന്റെ പ്രാർത്ഥനയാലാണ് ജനം ദൈവ സന്നിധിയിലേക്ക് വരുന്നത്.

ദൈവം നിങ്ങളുടെ ഉള്ളിൽ ആർക്കു വേണ്ടിയാണ് പ്രാർത്ഥിക്കുവാൻ പ്രേരിപ്പിക്കുന്നത് അവരാണ് നിങ്ങളുടെ പ്രാർത്ഥന. നിങ്ങളുടെ പ്രാർത്ഥനയാൽ അവർ അന്ധകാരത്തിൽ നിന്നു നിത്യവെളിച്ചത്തിലേക്കു വരുകയും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്യും. ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്, എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കണം, എല്ലാവർക്കും കർത്താവിന്റെ കരുതലും കൃപയും അനുഭവിക്കണമെന്നാണ്. അവൻ സകല മനുഷ്യരും രക്ഷപ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു (1തിമൊ. 2:4). ഇത് അവിടുന്ന് സാധിക്കുന്നത് നമ്മൾ മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോൾ ദൈവസന്നിധിയിലേക്കു വരികയും അന്ധകാരത്തിൽ നിന്ന് വിടുതൽ പ്രാപിക്കുകയും ചെയ്യുന്നു.

അയൽക്കാരോടുള്ള സാഹോദര്യസ്നേഹം നിലനിർത്തുന്നതാണ് ഇപ്പോൾ നമ്മുടെ കുടുംബങ്ങൾക്ക് ചെയ്യുവാൻ കഴിയുന്ന ഏറ്റവും വലിയ കാര്യം. നമ്മോടു വളരെ അടുത്ത് ജീവിക്കുന്ന അടുത്തുള്ള സ്നേഹിതർ എത്രയോപേർ യേശുവിനെ അറിയാതെ ജീവിക്കുന്നു. നിങ്ങൾ എങ്ങനെയുള്ള ഇടങ്ങളിൽ ജീവിക്കുന്നുവെന്നുള്ളത് ഒരു കാര്യമല്ല. നിങ്ങൾ അയൽക്കാർക്ക് വേണ്ടി വളരെ ആത്മാർത്ഥതയോടുകൂടി പ്രാർത്ഥിക്കണം.

**പ്രാർത്ഥിക്കുന്ന ദൈവ വചനം**

നമ്മൾ അയൽക്കാർക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ ഒരു കാര്യം ഓർക്കണം. നമ്മിൽ ദൈവവചനം ജീവനും പ്രകാശവും കൊണ്ടുവന്നതുപോൽ മറ്റുള്ളവരിലും ചെയ്യുന്നു. "നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതെക്കു പ്രകാശവും ആകുന്നു" (സങ്കീ. 119:105). ദൈവവചനത്തിൽ കൂടിയുള്ള പ്രാർ ത്ഥന അവരുടെ ജീവിതത്തിൽ അനുഗ്രഹവും ദൈവവചനത്തിന്റെ നമ്മിലുള്ള നിവർത്തീകരണവും ആയി തീരുന്നു. ഉദാഹരണത്തിന് സംഖ്യ 6: 24-26 വരെയുള്ള അനുഗ്രഹ വചനങ്ങൾ ചേർത്തു പ്രാർത്ഥിക്കുക. " യഹോവ നിന്നെ അനുഗ്രഹിച്ചു കാക്കുമാറാകട്ടെ; യഹോവ തിരുമുഖം നിന്റെമേൽ പ്രകാശിപ്പിച്ചു നിന്നോടു കൃപയുള്ളവനാകട്ടെ"; യഹോവ തിരുമുഖം നിന്റെമേൽ ഉയർത്തി നിനക്കു സമാധാനം നൽകുമാറാകട്ടെ (സംഖ്യ 6:24-26). പിതാവേ, അങ്ങയുടെ തിരുമുഖം അവരുടെമേൽ പ്രകാശിപ്പിക്കേണമേ. അവരെ അനുഗ്രഹിക്കേണമേ. അവരുടെ ജീവിതത്തിൽ സമാധാനം നല്കുമാറാകേണമേ. ദൈവമേ ഞങ്ങളുടെ അ യൽക്കാരെ അനുഗ്രഹിക്കണം എന്നുള്ള പ്രാർത്ഥന അല്ലെ കൂടുതൽ ശക്തിയുള്ള പ്രാർത്ഥന.

ദൈവവചനം ചേർത്ത് നമ്മൾ മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോൾ കർത്താവ് വളരെ വലിയ പ്രവർത്തികൾ ചെയ്യും. അവർ നിന്റെ ന്യായപ്രമാണത്തെ അനുസരിക്കായ്കകൊണ്ടു എന്റെ കണ്ണിൽ നിന്നു ജല നദികൾ ഒഴുകുന്നു (സങ്കീ. 119:130). നേരത്തെ ദൈവ കൃപ അനുഭവിക്കാത്തവർ ഇപ്പോൾ ദൈവിക പ്രവർത്തികളെ മനസ്സിലാക്കുവാൻ സഹായിക്കുന്നു. നാം പ്രാർത്ഥിക്കുമ്പോൾ അവരുടെ ഹൃദയങ്ങളെയും മനസ്സുകളെയും തുറക്കുകയും ദൈവത്തെ കാണുകയും ചെയ്യുന്നു.

**ക്രിസ്തുവിന്റെ പ്രകാശം നിങ്ങളിൽ**

(ശേഷം 8-ാംപേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| **അംഗീകരിക്കുക** | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)* |
| **പശ്ചാത്തപിക്കുക** | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)* |
| **ഏറ്റുപറയുക** | *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| **ഉപേക്ഷിക്കുക** | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| **ശുദ്ധീകരിപ്പെടുക** | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| **വിശ്വസിക്കുക** | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| **സമർപ്പിക്കുക** | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| **പ്രാപിച്ചെടുക്കുക** | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |
| **സ്നാനം ഏൽക്കുക** | *വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)* |

(1-ാംപേജിന്റെ തുടർച്ച)

**അസാധാരണമായ ഏകീകൃത പ്രാർത്ഥന**

അത്രേ. ഇതൊന്നു അത്രയ്ക്കു ഒറ്റപ്പെട്ട സംഭവങ്ങളല്ല. എന്നാൽ ഈ പിശാചിന്റെ ശക്തി മുഴുലോകത്തെയും ബാധിക്കുകയും ലോകം മുഴുവനും അതിന്റെ നിയന്ത്രണത്തിൽ ആക്കുകയും ചെയ്യുന്നു. അതുകൊണ്ടു പൗലൊസ് പറയുകയാണ് സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേന വേറൊരു തരത്തിൽ പറഞ്ഞാൽ. ഇത് ഒരു ഭൗമിക വസ്തുക്കൾ അല്ല എന്നുള്ളതാണ്. ശത്രുവിന്റെ പല തരത്തിലുള്ള അധികാര വ്യാപ്തി പ്രപഞ്ചത്തിലുള്ളതുകൊണ്ട് പല കാര്യങ്ങളും പ്രവർത്തിക്കുവാനും കഴിയുന്നു.

അതുകൊണ്ട് പിശാചിനു അധികാരം ഉള്ളപ്പോൾ തന്നെ അവൻ തന്ത്രങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നു. പൗലൊസു പറയുകയാണ് പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തു നില്പാൻ കഴിയേണ്ടതിനു (വാക്യം 6:11). ഈ വാക്ക് തന്ത്രങ്ങൾ എന്നതിന്റെ വേറൊരു അർത്ഥം വരുന്നത് സൂത്രധാരകൻ / കൗശലക്കാരൻ എന്നുള്ളതാണ്. പിശാചിനു വ്യക്തമായ ചില സൂത്രങ്ങൾ / കൗശലങ്ങൾ ഉണ്ട്.

ധാരാളം ക്രിസ്തീയ നേതാക്കന്മാരുടെ പരാജയം / വീഴ്ചകൾ ഓരോ ദിവസവും കൂടികൊണ്ടിരിക്കുകയാണ്. ഇവർക്ക് ഇവിടെ വലിയ ഉത്തരവാദിത്വങ്ങൾ ഉണ്ട്, അവരുടെ തീരുമാനങ്ങൾ അവർ അറിയാതെ ശത്രുവിന്റെ സൂത്രങ്ങൾ പരാജയങ്ങളിലേക്കു നയിക്കുന്നു. നിങ്ങൾക്ക് അറിയാമോ ഈ പിശാചിനു നിങ്ങൾക്ക് എതിരെ സൂത്രങ്ങൾ ആസൂത്രണം നടത്തിയിരിക്കുകയാണ്. അവനു നിങ്ങളെ അറിയാം. അവനു നിങ്ങളുടെ ജീവിതശൈലികൾ അറിയാം. അവനു നിങ്ങളുടെ ജീവിതശൈലികൾ അറിയാം. നിങ്ങൾ ദൈവരാജ്യത്തിനു വേണ്ടി പ്രവർത്തിക്കുന്നതുകൊണ്ട് നിങ്ങളിൽ അവൻ വളരെ താല്പര്യത്തോടു നീരിക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ദൈവരാജ്യത്തിന്റെ പ്രവർത്തനങ്ങളിൽ നിഷ്ക്രിയത്വം ഉണ്ടാക്കുന്നതിനെക്കാൾ പിശാച് നിങ്ങളിൽ ഇടപെടുന്നില്ല. അവൻ അതു നേടി എടുക്കുന്നതിനുവേണ്ടിയുള്ള സൂത്രങ്ങൾ ഒരുക്കി വെച്ചിരിക്കുന്നു.

ഒരു ദിവസം ഞാൻ എന്റെ മക്കൾക്കു ചെറുകുട്ടികൾക്കു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ഈ വിഷയത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങി. എനിക്ക് 8 മക്കളും അവരുടെ കുടുംബങ്ങളും ഉണ്ട്. 22 ചെറുകുട്ടികളും കർത്താവ് എനിക്കു തന്നു. പെട്ടെന്നു എന്റെ പ്രാർത്ഥനയിൽ ചെറുകുട്ടികൾ (പേരകുട്ടികൾ) ഇവരുടെ പേരുകൾ പറയുമ്പോൾ ഞാൻ ചിന്തിച്ചു നിങ്ങൾക്ക് അനുമാനിക്കാം ഞാൻ എന്താണ് ചിന്തിച്ചതെന്ന്? ദൈവം അല്ലാതെ പിശാചിനും വളരെ വിശാലമായ വിവരണശേഖരണം ഓരോ വ്യക്തികളും ഉണ്ട്. നിങ്ങളുടെ മക്കളുടെ മേലും പേരക്കുട്ടികളുടെ മേലും ശത്രുവിന്റെ തന്ത്രങ്ങൾ എന്തൊക്കെയാണ് സംഭവിക്കുവാൻ പോകുന്നതെന്നുള്ളതു നിങ്ങൾ ആത്മാവിൽ ഉണർന്ന് ദൈവസന്നിധിയിൽ പ്രാർത്ഥിക്കേണ്ടതിന്റെയും അവിടുന്ന് പ്രവർത്തിച്ച് ശത്രുവിന്റെ സൂത്രങ്ങളെ തകർക്കുവാനും വേണ്ടി.

ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം, സഭ എപ്പോഴാണ് ഒരുമിച്ച് ഉണർന്ന് ആവശ്യ ഭാരത്തോടു ദൈവസന്നിധിയിൽ ഉൺന്നു പ്രാർത്ഥിക്കുന്നത് അപ്പോൾ പിശാചിന്റെ സൂത്രങ്ങൾ വർദ്ധിച്ചു വരികയും ചെയ്യും. ശത്രു ഒരിക്കലും ഒരു വശത്ത് പോയി ഇരുന്ന് വിശ്രമിക്കുകയില്ല. ശത്രുവിന്റെ തന്ത്രങ്ങൾ ഓരോ നിമിഷം കഴിയുന്തോറും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

പിശാചിനു തന്ത്രങ്ങൾ മാത്രമല്ല കൈമുതലായിട്ടുള്ളത്, അവനു പ്രവർത്തിക്കുവാൻ വേണ്ടി പൈശാചികമായിട്ടുള്ള പരിസ്ഥിതികളും ഉണ്ടെന്നുള്ളതാണ് വാസ്തവം. അതുകൊണ്ട് പൗലൊസു ഓർമ്മപ്പെടുത്തുന്നു. ദുർദിവസത്തിൽ എതിർപ്പാനും (വാക്യം 13). ആരെങ്കിലും ചിന്തിക്കുന്നുണ്ടോ നിങ്ങൾ ഇപ്പോൾ ദുർദിവസത്തിൽ വന്നിട്ടില്ലായെന്ന്?

കുറെ വർഷങ്ങൾക്ക് മുമ്പ് ഞാൻ ആരോ പറഞ്ഞ ഒരു വാചകം ചേർക്കുകയാണ്. സത്യമെന്നു ചിന്തിച്ചത് തെറ്റായിരുന്നു; തെറ്റ് എന്ന് കരുതിയത് സത്യവും ആയിരുന്നു. അങ്ങനെ ഞാൻ വേദവചനം കൂടതുൽ പഠിക്കുവാൻ തുടങ്ങുകയും പൗലൊസിന്റെ റോമ ലേഖനം ഒന്നാം അധ്യായത്തിലേയ്ക്ക് പ്രവേശിക്കയും ചെയ്തു. ജനത്തോടു കർത്താവ് ഇടപ്പെടുമ്പോൾ അവിടുത്തോളു മറുത്തു നില്ക്കുകയും അവിടുന്നു ദൈവമെന്നു ഓർത്തു മഹത്വീകരിക്കുകയോ നന്ദികാട്ടുകയോ ചെയ്യാതെ അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. അതുകൊണ്ട് കർത്താവു പറയുകയാണ് ഞാൻ നിങ്ങളെ ഓർക്കുകയില്ല / ഉപേക്ഷിക്കുകയാണെന്ന്. മൂന്ന് പ്രാവശ്യം ഇവിടെ ഉദ്ധരിക്കുന്നുണ്ട്. അശുദ്ധിയിൽ ഏല്പിച്ചു അപമാനരാഗങ്ങളിൽ ഏല്പിച്ചു, ദൈവം അവരെ ഉചിതമല്ലാത്തതു ചെയ്യുവാൻ നികൃഷ്ടബുദ്ധിയിൽ ഏല്പിച്ചു. (റോമ.1:28; 1:24,26).

നിങ്ങൾ നികൃഷ്ടബുദ്ധി എന്ന വാക്കിന്റെ അർത്ഥം എന്താണെന്ന് കണ്ടുപിടിക്കുവാൻ ശ്രമിക്കുക. ഇത് അർത്ഥമാക്കുന്നത് ഈ ഗണത്തിലുള്ളവർക്ക് ധാർമ്മികമായിട്ടുള്ള ന്യായം എന്താണെന്നു ചിന്തിക്കുവാനുള്ള കഴിവ് നഷ്ടപ്പെട്ടുവെന്നതാണ്. ശരി നിങ്ങൾക്ക് തെറ്റാണെന്നു പരിഗണിക്കുന്നു. അതിനായിട്ടു നിങ്ങൾ മരിക്കുന്നു. നിങ്ങൾക്ക് തെറ്റാണ് ശരി, ഞാൻ സാധാരണയായിട്ടു ഈ വാചകം ശ്രവിക്കുവാൻ ശ്രമിക്കുക. നമ്മൾ ഇന്ന് ജീവിക്കുന്ന ഈ ലോകത്തെക്കുറിച്ചും, ശത്രുവിന്റെ തന്ത്രങ്ങളെകുറിച്ചും, ശത്രുവിന്റെ അധികാരവും ശക്തിയും എന്താണെന്ന് അറിയുവാൻ കഴിയാതെ ഒരു പച്ച പരമാർത്ഥിയായ ഒരു വ്യക്തിയാണ് ഒരു പക്ഷേ താങ്കൾ എങ്കിൽ, നിങ്ങൾ അറിയാതെ പിശാചിന്റെ സൂത്രങ്ങളിൽ നിങ്ങൾ വീണുപോകുവാൻ സാധ്യതകൾ വളരെയാണ്. അതോടൊപ്പം തന്നെ ഒരു യോദ്ധാവ് എന്ന നിലയിലുള്ള നിങ്ങളുടെ സ്ഥാനത്ത് നിൽക്കേണ്ട നിങ്ങൾ ആസ്ഥലത്തുള്ള വിടവിൽ കൂടി പിശാച് വളരെ പെട്ടെന്ന് കയറികൂടുകയും ചെയ്യുന്നു.

**അവസാനം ഇല്ലാത്ത പോരാട്ടം**

നമ്മൾക്ക് പിന്മാറാതെയുള്ള ഈ ശത്രു ഉള്ളടത്തോളം കാലം അവസാനം ഇല്ലാത്ത ഒരു പോരാട്ടവും ആവശ്യമാണ്. പൗലൊസ് പറയുന്നത് നമുക്ക് പോരാട്ടം ഉള്ളത് (എഫെ. 6:12). അതായത് നമുക്ക് പോരാട്ടം ഇത് ഒരിക്കലും മറ്റുള്ള ആരുടേയും പോരാട്ടമല്ല. ഇവിടെ ഈ വാക്ക് ഉപയോഗിച്ചിരിക്കുന്ന എതിരാളിയോടു കൈയോടു കയ്യ് ഉപയോഗിച്ചുള്ള പോരാട്ടം/ മത്സരമാണ്. ഇതിന്റെ അർത്ഥം അഫ്ഗാനിസ്ഥാനിൽ നടക്കുന്ന കാര്യങ്ങൾ ദൂരദർശനിൽ കൂടി എന്റെ മുറിയിൽ ചാരികിടന്നുകൊണ്ട് വീക്ഷിച്ചുകൊണ്ടിരിക്കുക എന്നല്ല, പ്രത്യുത ഇത് എന്റെ പോരാട്ടമാണ്. ഇത് താങ്കളുടെ പോരാട്ടമാണ് ശത്രുവിന്റെ തതന്ത്രങ്ങളെ തോല്പിക്കാനുള്ള നിരന്തര പോരാട്ടം.

( (ശേഷം 5-ാം പേജിൽ )

(4-ാംപേജിന്റെ തുടർച്ച)

## അസാധാരണമായ ഏകീകൃത പ്രാർത്ഥന

വളരെ ശ്രദ്ധിച്ച് മനസ്സിലാക്കുക, താങ്കൾ ആ പോരാട്ടത്തെക്കുറിച്ചു ബോധം ഇല്ലാത്തവരാണങ്കിൽ, അല്ലെങ്കിൽ ആ പോരാട്ടത്തെകുറിച്ചു ചിന്ത ഇല്ലാത്തവരാണെങ്കിൽ, ഒരു കാര്യം സത്യമാണ് ശത്രു നിങ്ങളെ പരാജയപ്പെടുത്തിയിരിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് താങ്കൾ അറിയാതെ ശത്രു പാത തയ്യാറാക്കിയിരിക്കുകയാണ്. താങ്കൽ ശത്രു ഒരുക്കിയ ആ ശിഖരത്തിൽ ഇരുന്ന് സമയം വൃഥാ നഷ്ടമാക്കുകയും ശത്രുവിന്റെ തന്ത്രങ്ങളെ കുറിച്ച് ചിന്തിക്കുവാൻ അവൻ നിങ്ങളെ അനുവദിക്കുന്നുമില്ല. പിശാച് എങ്ങനെയാണ് താങ്കളെ ആക്രമിക്കുവാൻ പോകുന്നതെന്ന് അറിയുന്നില്ലായിരിക്കാം. എല്ലാ ദൈവവിശ്വാസികളെയും സംബന്ധിച്ചിടത്തോളം ഇതാണ് ഏറ്റവും ഭയാനകമായ സംഭവം.

പൗലൊസ് പറയുന്നത് ഇങ്ങനെയാണ് “ അതുകൊണ്ട് നിങ്ങൾ ദുർദിവസത്തിൽ എതിർപ്പാനും ” (വാക്യം 13). വളരെ മനോഹരമായ കാര്യം ഇവിടെ പറയുന്നത് എതിർപ്പാനും എന്നതാണ്. അതെ ഈ പോരാട്ടത്തിൽ നന്മകൾക്കാണ് ജയം. ദൈവത്തിന്റെ വചനം എന്താണ് പറയുന്നത്? “ നിങ്ങളിലുള്ളവൻ ലോകത്തിൽ ഉള്ളവനെക്കാൾ വലിയവനല്ലോ ” (1യോഹ. 4:4). അവൻ ചുറ്റും കറങ്ങിയിട്ട് വീണ്ടും വരും, പക്ഷേ നിങ്ങൾ എതിർക്കണം. നിങ്ങൾ എതിർക്കണം. ദൈവത്തിന്റെ വചനം പറയുന്നത് നിങ്ങൾ പിശാചിനെ എതിർത്താൽ അവൻ നിങ്ങളെ വിട്ട് പോകാൻ സാദ്ധ്യതകൾ ഉണ്ടെന്നാണോ? അല്ല, നിങ്ങളോടു വചനം അനുശാസിക്കുന്ന നിലയിൽ പിശാചിനോടു എതിർത്തു നിന്നാൽ അവനു നിങ്ങളോടു എതിർക്കുവാൻ ശക്തി ഇല്ലാതാകും. “ പിശാചിനോടു എതിർത്തു നില്പിൻ എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും ” (യാക്കോ. 4:7).

അപ്പോൾ എങ്ങനെയാണ് ഇവിടെ നമ്മൾ പ്രവർത്തിക്കുവാൻ പോകുന്നത്? പൗലൊസ് പറയുകയാണ് ശക്തിപ്പെടുവിൻ (വാക്യം 10). സ്വതവേ നമുക്ക് പിശാചിനോടു എതിർക്കുവാനുള്ള ശക്തി ഇല്ല. അതുകൊണ്ട് പൗലൊസ് പറയുന്നത് “ ഒടുവിൽ കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തി പ്പെടുവിൻ ”.

ഞാൻ ഓർത്തുപോകുകയാണ് കുറെ വർഷങ്ങൾക്ക് മുമ്പ് ഒരു ശനിയാഴ്ച ദിവസം എനിക്ക് സുഖമില്ലാതായി തീർന്നു. എനിക്ക് ഒട്ടും സുഖമില്ലാതായി, ഭയങ്കര അസുഖം. അടുത്ത ദിവസം എനിക്ക് ഒരു അനുഗ്രഹിക്കപ്പെട്ട ദൈവവചന ശുശ്രൂഷ സഭയിൽ നടത്തേണ്ടതുണ്ടു. എന്നാൽ എന്റെ പക്കൽ ഒന്നുമില്ലാത്തവനായി, എല്ലാം ശൂന്യമായി മാറിയ ഒരു സമയം. പക്ഷേ എനിക്ക് അറിയാം ഞാനാണ് വചന ശുശ്രൂഷ നടത്തേണ്ടതെന്നും വശത്തുള്ള മുറിയിൽ ചെന്ന് ഇങ്ങനെ കർത്താവിനോടു പ്രാർത്ഥിക്കുവാൻ തുടങ്ങി. കർത്താവേ, എനിക്ക് അറിഞ്ഞുകൂടാ എനിക്കു ഇന്ന് ശുശ്രൂഷിക്കുവാനുള്ള ശക്തി ഉണ്ടോ എന്ന്, പരിശുദ്ധാത്മാവും വളരെ പെട്ടെന്ന് എന്റെമേൽ വന്നിട്ട് പറഞ്ഞും, ആര് പറഞ്ഞു നിന്റെ ശക്തികൊണ്ടാണ് ശുശ്രൂഷ നടത്തേണ്ടതെന്ന് ഞാൻ ചിന്തിച്ചുകൊള്ളാം കർത്താവേ, അതാണ് ഗതി. നീ എന്റെ ഉള്ളിൽ ജീവിക്കുന്നുവല്ലോ. അവിടുന്നാണ് എന്റെ ശക്തി. കർത്താവേ അവിടുത്തെ വലിയ ശക്തി എന്നിൽ ഇപ്പോൾ നിറയ്ക്കുമോ? ഞാൻ പറയുകയാണ് കർത്താവേ, എനിക്ക് എന്റെ അഹങ്കാരത്തിന്റെ ശബ്ദം വേണ്ടാ അതെ, ഞാൻ അടുത്ത രണ്ട് ശുശ്രൂഷകളിലും ഒരു വലിയ ശുശ്രൂഷ അഗ്നിയുടെ ശുശ്രൂഷ ചെയ്യുവാൻ കർത്താവ് സഹായിച്ചു.

ശ്രദ്ധിച്ചാലും ദൈവപൈതലെ, നീ ക്ഷീണിച്ച് ഇരിക്കുവാൻ കർത്താവ് ആഗ്രഹിക്കുന്നില്ല. നിന്റെ ക്രിസ്തീയ നടപ്പിൽ നീ എവിടെ ആയിരിക്കുന്നു എന്നോ, നീ ഇപ്പോൾ എവിടെ ആണെന്നോ ഒന്നുമല്ല വിഷയം. നിങ്ങൾ ക്രിസ്തുവിൽ ശക്തരാകുവിൻ എന്നാണ്. നിങ്ങൾ അവിടുത്തെ കൃപയിൽ ശരണപ്പെടുകയും പിശാചിനോടു എതിർത്തു നിന്ന് അവന്റെ തന്ത്രങ്ങളെ പരാജയപ്പെടുത്തുകയും ദൈവം നിങ്ങളിൽ നിക്ഷിപ്തമാക്കിയിരിക്കുന്ന ദൗത്യനിർവ്വഹണം വളരെ വിജയകരമായി ചെയ്യണം.

രണ്ടാമതായി, പൗലൊസ് പറയുന്നത്, “ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊള്ളുവിൻ ” (വാക്യം.11). അവിടുത്തെ സർവ്വായുധവർഗ്ഗം ധരിക്കേണം. ഇവിടെ ഞാൻ സർവ്വായുധവർഗ്ഗം ഓരോന്നിനെയും കുറിച്ച് പ്രതിപാദിക്കുവാൻ ആഗ്രഹിക്കുന്നില്ല. എല്ലാറ്റിനും അതിന്റേതായ പ്രതിരോധവും ആക്രമണ രീതികളും ഉണ്ട്. ഞാൻ ചിന്തിക്കുന്നത് ഒരു പ്രധാന കാര്യം നമ്മുടെ വ്യക്തി വിശുദ്ധികൊണ്ട് ഇവിടെ ഒരു കാര്യം നിർവ്വഹണം ശരിയായി നടക്കണമെന്നില്ല. അവിടത്തെ വിശുദ്ധീകരണമാണ് നമ്മൾ ധരിക്കേണ്ടത്. നിങ്ങൾക്ക് പാദരക്ഷ ഉണ്ടായിരിക്കണം. ദൈവവചനം നിങ്ങൾ വഹിക്കണം. ഇതാണ് ആത്മാവിന്റെ വാൾ. വിശ്വാസത്തിന്റെ പരിച ഉണ്ടായിരിക്കണം. ഇത് മാത്രമാണ് അന്ധകാര ശക്തികളുടെ സകല ദൂഷണത്തേയും ഭീതികളെയും തകർക്കുവാനുള്ള ഒരു ആയുധം.

ഞാൻ ചിന്തിച്ചു പോകുകയാണ് എന്റെ ഭാഷയിൽ ഞാൻ വിളിക്കുന്ന ഉദ്യോഗസ്ഥർ ഇത് ഒരു പക്ഷെ എങ്കിൽ ചിലരൊക്കെയും ശുശ്രൂഷ നേതൃത്വത്തിലുള്ളപരാകയാൽ, നിങ്ങൾക്ക് നന്നായി അറിയാം, എന്തെല്ലാം കാര്യങ്ങൾ ചെയ്യണം, സഭയെ എങ്ങനെ നടത്തണം. ഇതൊക്കെയും നിങ്ങൾ ഉറക്കത്തിലും ജാഗ്രതയുള്ളവരായിരിക്കാം. ഇതൊക്കെയും ദൈവം ഇല്ലാതെയും നിങ്ങൾക്ക് ചെയ്യാമായിരിക്കാം. അങ്ങനെ ആഴ്ച വരുമ്പോൾ കർത്താവിന്റെ സന്നിധിയിൽ വന്നിട്ട് പറയും എനിക്ക് നാളെ പ്രസംഗിക്കണം എന്റെ ജീവിതം ദൈവത്തിൽ അകന്നതായിരുന്നു. കഴിഞ്ഞ ദിവസങ്ങളിൽ, ഈ ഒരു ആഴ്ച മുഴുവനും കർത്താവിനോടു സംസാരിച്ചിട്ടുമില്ല. ഞാൻ കർത്താവിനു അടുപ്പം ഉള്ളവനല്ല. അങ്ങനെ നിങ്ങൾ പെട്ടെന്ന് പറയും ശരി, കർത്താവേ, ദയവായിട്ട് എന്നോടു ക്ഷമിക്കുക, എന്നെ ശുദ്ധീകരിക്കുക, എന്നെ ഒരുക്കുക, എന്നെ ഉപയോഗിക്കുക.

ഇവിടെ കർത്താവിന്റെ കൃപ നിങ്ങളെ ഉപയോഗിക്കാം. കാരണം അവിടുത്തെ പദ്ധതികൾ വലുതാണ്. എന്നാൽ നമ്മൾ മനസ്സിലാക്കുന്നില്ല, അവിടുത്തെ ഭയങ്കര വിശുദ്ധിയുടെ തത്വങ്ങൾ. ഒരുവൻ തിങ്കളാഴ്ച തന്നെ കർത്താവിന്റെ കൃപയിൽ ആശ്രയിച്ചു അവിടുത്തെ സർവ്വായുധവർഗ്ഗം ധരിക്കുകയും ചൊവ്വാഴ്ചയിൽ ദൈവം തന്റെ ഹൃദയത്തോടു സംസാരിക്കുകയും അങ്ങനെ ആഴ്ചയിൽ എല്ലാ ദിവസങ്ങളിലും പ്രവർത്തിക്കുകയും അങ്ങനെ ഞായറാഴ്ച കർത്താവിന്റെ വലിയ കൃപ അവന്റെ ശുശ്രൂഷയിൽ വെളിപ്പെടുത്തും. അതുകൊണ്ട് കർത്താവിന്റെ സർവ്വായുധവർഗ്ഗം ധരിച്ച് ശത്രുവിന്റെ തന്ത്രങ്ങളെ തോല്പിക്കാം.

( ശേഷം അടുത്ത ലക്കം)

# ചൈന, ഇറാൻ, ഇൻഡ്യ – ദൈവ പ്രവർത്തിയുടെ റിപ്പോർട്ട്

**സാമി ടിപിറ്റ്** : ഞാൻ വളരെ സന്തോഷവാനാണ്. ലോകത്തിന്റെ വിവിധ ഇടങ്ങളിൽ, നമ്മുടെ ചുറ്റുപാടുകളിൽ കർത്താവ് വലിയ പ്രവർത്തികൾ ചെയ്തു തുടങ്ങിയിരിക്കയാണ്. ഇതിൽ നമ്മുടെ ചില പ്രിയപ്പെട്ടവർ ഉണ്ട്. അവർ നമ്മോടു സം സാരിക്കുന്നു. അവർ നമുക്ക് ഒരു അനുഗ്രഹമാണ്. ഞാൻ നിങ്ങളോടു പറയുകയാണ്. ഒരു വിദ്യാർത്ഥിയെപോൽ നിങ്ങൾ ആയിരിക്കുന്നത് നല്ലതാണ്. ഇദ്ദേഹം നമുക്ക് കാര്യങ്ങൾ മനസ്സിലാക്കി തരും.

ഞാൻ അദ്ദേഹത്തെ നിങ്ങൾക്കു പരിചയപ്പെടുത്തുന്നു. ചൈന എയ്ഡിന്റെ പ്രസിഡന്റ് ബോബ് ഫു ഇവിടെ ഉണ്ട്. ചൈനയിൽ ജീവിക്കുന്ന ഇദ്ദേഹം കുറെ സമയങ്ങൾക്ക് മുമ്പ് രക്ഷിക്കപ്പെട്ട് കർത്താവിന്റെ വേലയിലായി തീർന്നു. ടിയാനുമെൻ സ്ക്വയർ പ്രൊട്ടസ്റ്റ് എന്ന വിഭാഗത്തിലായിരുന്നു. അദ്ദേഹം അണ്ടർ ഗ്രൗണ്ട് ചർച്ചിന്റെ ഭാഗമായിരുന്നു. ദൈവം തന്റെ ജീവിതത്തിൽ വളരെ വലിയ പ്രവർത്തികൾ ചെയ്യുകയും ഇന്ന് ദൈവത്തിന്റെ ഒരു വലിയ മനുഷ്യനായിരിക്കുന്നു. നമുക്ക് വേറൊരു സഹോദരൻ ഉണ്ട്, ഇദ്ദേഹം ഇറാനിൽ ഹാർട്ട് 4 ഇറാന്റെ പ്രസിഡന്റ് ആയ മൈക്ക് അൻസാരി. ദൈവം ഇദ്ദേഹത്തെ ഇറാനിൽ അതിശക്തമായി ഉപയോഗിച്ച് കൊണ്ടിരിക്കുകയാണ്. ഇഡ്യയിലെ പഞ്ചാബിൽ നിന്നുള്ള ജോളി സിത്തു നമ്മോടൊപ്പം ഉണ്ട്. എനിക്ക് അദ്ദേഹത്തെ വളരെ വർഷക്കാലമായി നന്നായി അറിയാം. പഞ്ചാബിലെ അദ്ദേഹത്തിന്റെ സഭയിലും സമീപ പ്രദേശങ്ങളിലും കർത്താവ് വലിയ പ്രവൃത്തികൾ ചെയ്തു കൊണ്ടിരിക്കുന്നു.

ചൈനയിൽ എങ്ങനെയാണ് ദൈവം പ്രവർത്തിച്ച് കൊണ്ടിരിക്കുന്നത് ബോബ്.

ബോബ്ഫു: എന്നെ ക്ഷണിച്ചതിൽ നന്ദി. ഇറാനിലേയും ഇൻഡ്യയിലെ എന്റെ കൂടെ പ്രവർത്തകരോടൊപ്പം ഞാൻ ആയിരിക്കുന്നതുകൊണ്ട് വളരെ സന്തോഷമുണ്ട്. ഭൂമിയിൽ എവിടെയാണ് സഭ വളരെ വേഗം വളർന്ന് കൊണ്ടിരിക്കുന്നതെന്ന് അവരോടു ചോദിച്ച് ഞാൻ മുഷിയുന്നില്ല. എന്നാൽ എന്താണ് ചൈനയിൽ നടന്നുകൊണ്ടിരിക്കുന്നതെന്ന് ഞാൻ പറയാം. കഴിഞ്ഞ 70 വർഷം ചൈനയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കിരാത ഭരണത്തിൻകീഴിൽ ദൈവം വളരെ ഭയങ്കരവും അത്ഭുതകരവുമായ പ്രവർത്തികളെയാണ് കർത്താവ് ചെയ്യുന്നത്. 1949-ൽ കമ്മ്യൂണിസ്റ്റി പാർട്ടി ചൈനയിൽ അധികാരമേറ്റപ്പോൾ ഇവിടെയുള്ള ക്രിസ്ത്യാനികളുടെ എണ്ണം ഒരു മില്യണിൽ കുറവായിരുന്നു. എന്നാൽ 70 വർഷങ്ങൾക്ക് ശേഷം ഇന്ന് ഇവിടുത്തെ ക്രിസ്ത്യാനികളുടെ എണ്ണം 130 മില്യണിൽ കുറവായിരുന്നു. എന്നാൽ 70 വർഷങ്ങൾക്ക് ശേഷം ഇന്ന് ഇവിടുത്തെ ക്രിസ്ത്യാനികളുടെ എണ്ണം 130 മില്യണിൽ കൂടുതലാണ്. 130 മടങ്ങ് വളർച്ച. നമുക്കെല്ലാം അറിയാവുന്നതുപോൽ ഇന്നു ഇവിടത്തെ ക്രിസ്ത്യാനികളുടെ മേലുള്ള പീഡനങ്ങൾ തുടർന്നു കൊണ്ടിരിക്കുകയാണ്. ഈ പ്രതികൂലം നിറഞ്ഞ കാലഘട്ടത്തിലും കർത്താവ് തന്റെ സ്നേഹത്താലും കരുതലുകളാലും അടയാളങ്ങളിൽ കൂടിയും വീര്യപ്രവർത്തികളിൽ കൂടിയുമെല്ലാം അവിടുത്തെ സഭയെ വളർത്തി കൊണ്ടിരിക്കുന്നു.

**സാമി ടിപീറ്റ്:** അത് വളരെ അത്ഭുതകരമാണ്. ബോബ് വളരെ നന്ദി. അവിടുത്തെ വിവങ്ങൾ കേൾക്കുമ്പോൾ വളരെ അത്ഭുതം തോന്നുന്നു. മൈക്ക് എന്താണ് ഇറാനിൽ സംഭവിക്കുന്നത്, പറഞ്ഞാലും.

**മൈക്ക് അൻസാരി:** നിങ്ങളോടു വളരെ നന്ദി, നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയ്ക്കു ഓർമ്മകൾക്ക് ലോകരാജ്യങ്ങളെ കുറിച്ചും. ചൈനയിലും ഇന്ത്യയിലും ഇറാനിലും ദൈവം തന്റെ സഭയെ വളർത്തിക്കൊണ്ടിരിക്കുന്നു. ഒരു വലിയ ദൈവിക ഇടപെടലാണ് ഇറാനിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്, ക്രിസ്ത്യാനികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

ഇറാൻ ഒരു ഇസ്ലാമിക് രാജ്യമാണ്. ഓഫൺ ഡോർസ് ഇന്റർ നാഷണലിന്റെ ഔദ്യോഗിക അറിയിപ്പു അനുസരിച്ച് ഇറാനാണ് ലോകത്തിലെ 8-ാമത്തെ അതീവ ബുദ്ധിമുട്ടുള്ള സ്ഥലം ക്രിസ്ത്യാനികൾക്ക് ഇറാനിൽ 99.9 ശതമാനം ജനസംഖ്യയും ക്രിസ്തു മതത്തിലേക്കു മാറിയിരിക്കുന്നു. അത് ആ രാജ്യത്തെ സംബന്ധിച്ചിടത്തോളം നിയമ വിരുദ്ധമാണ്. ബൈബിൾ ഇറാനിൽ സൂക്ഷിക്കുന്നതു നിയമ വിരുദ്ധമാണ്. ഒരുമിച്ച് കൂടി കൂട്ടായ്മ ആചരിക്കുന്നതു നിയമലംഘനമാണ് ഇവിടെ ആസൂത്രിതവും സംഘടിതവുമായ ഉപദ്രവം/ പീഡനം നടന്നുകൊണ്ടിരിക്കുകയാണ്. ഞങ്ങൾക്ക് ഒരു സാറ്റ്ലൈറ്റ് ടിവി ഉണ്ട്. 24 / 7 മുഹബത്ത് ഞങ്ങളോടൊപ്പം 100-ഓളം മറ്റു ക്രിസ്തീയ സംഘടനകൾ ഒരുമിച്ച് നടത്തുന്ന സംപ്രേഷണ പരിപാടികൾ നിർത്തലാക്കുവാനും, സിഗ്നലുകൾ കിട്ടാതെ ഇരിക്കുവാനും മറ്റുമായി ഇറാൻ വളരെ ശക്തമായിട്ടു പ്രവർ ത്തിച്ചു കൊണ്ടിരിക്കുകയാണ്.

ഇതെല്ലാം സൂചിപ്പിക്കുന്ന സർവ്വശക്തനായ ദൈവം വളരെ ശക്തമായിട്ട് ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടുത്തെ സഭ പീഢനത്തിന്റെ മദ്ധ്യത്തിലും വളർന്ന് കൊണ്ടിരിക്കുകയാണ്.

ഈ കോവിഡ്-19 വരുന്നതിനു മുമ്പ് 300- 400 ഓളം ഇറാൻ മനുഷ്യർ ഞങ്ങളെ ഫോണിൽ വിളിക്കുകയും അവരുടെ ഹൃദയം/ജീവിതം കർത്താവിനായിട്ട് സമർപ്പിച്ചു കൊണ്ടിരിക്കുന്നു. 2020-ൽ ഞങ്ങൾക്ക് കോവിഡ് - 19-ന്റെ കാലഘട്ടത്തിൽ കൂടുതൽ സാങ്കേതികമായ സഭ കൂട്ടായ്മ ചെയ്യുവാൻ കഴിഞ്ഞു. ഞങ്ങൾ വിർചൽ സഭ തുടങ്ങി. 2019- ഒക്ടോബറിൽ. മഹാമാരി വ്യാപനം ശക്തിപ്പെട്ടപ്പോൾ കൂടുതൽ ആൾക്കാർ സാമൂഹ മാദ്ധ്യമങ്ങൾക്കും ഇന്റർനെറ്റിന്റെയും സംവിധാനത്തിലായി. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇത് വളരെ പ്രയോജനകരമായി തീർന്നു. ഈ സമയം ഞങ്ങൾക്ക് കൂടുതൽ ജനങ്ങളെ ഫോക്കസ് ചെയ്വാനും അവരൊടു ബന്ധപ്പെടുവാനും പ്രാർത്ഥനയിൽ ഏകീകരിക്കുവാനും അങ്ങനെ ഏകദേശം 50000- ഓളം ഇറാനിലെ ജനങ്ങൾ കർത്താവിനെ സ്വന്ത രക്ഷിതാവായിട്ട് സ്വീകരിക്കുകയും അവർ കർത്താവിനായി ജീവിക്കുവാനും തുടങ്ങി. ഞങ്ങൾ ഇത് ഒരു ആഘോഷമാക്കി തീർത്തു.

ദൈവ വചനത്തിന്റെ സത്യം എന്നാൽ എവിടെ/എപ്പോൾ പീഢനം വർദ്ധിക്കുന്നുവോ അപ്പോൾ സഭ വളരുവാൻ തുടങ്ങുന്നു. ഇതു തന്നെയാണ് ഇറാനിലും സംഭവിച്ചത്. ഒരു ചരിത്രസംഭവമാണ് നടക്കു

(ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

**ചൈന, ഇറാൻ, ഇൻഡ്യ – ദൈവ പ്രവർത്തിയുടെ റിപ്പോർട്ട്**

ന്നത്, ഇറാനിലെ ജനങ്ങൾ പ്രതീക്ഷ നഷ്ടപ്പെട്ടവർ, അടിസ്ഥാനപരമായ മുസ്ളീം വിശ്വാസം പഠിച്ച് വളർന്നവർ ഇവരെ കർത്താവ് ചരിത്രത്തിൽ ഇതുവരെയും സംഭവിച്ചിട്ടില്ലാത്ത വിധത്തിൽ തന്റെ സഭയോടു ചേർത്തുകൊണ്ടിരിക്കുകയാണ്. ഇറാനിയൻ ജനത സ്നേഹത്തെക്കുറിച്ചും ക്ഷമയേയും കുറിച്ച് പഠിപ്പിച്ച നസറേയനായ യേശുവിന്റെ അടുക്കലേയ്ക്ക് ചേർ ന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ ഭവനസഭകളെ സയോണിസ്റ്റ് മൂവ്മെന്റായി ചിന്തിച്ചിട്ട് വളരെ കഠിനമായ പീഡനമുറകളാണ് ഗവൺ മെന്റ് ഇവിടുത്തെ ക്രിസ്ത്യാനികളുടെമേൽ നടത്തുന്നത്. കാര്യങ്ങൾ ഒക്കെയം ഇങ്ങനെയൊക്കെയാണെങ്കിലും 600 – 700 ഓളം ഇറാനിയൻ ജനങ്ങൾ, മുസ്ലീങ്ങളിൽ നിന്ന് ഞങ്ങളോട് സംസാരിക്കുകയും ഫോണിൽ കൂടി യേശുവിനെ ഞങ്ങൾക്ക് കൂടുതലായി പറഞ്ഞു തരികയെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. മദ്ധ്യപൂർവ്വ ഏഷ്യയെ സംബന്ധിച്ചിടത്തോളം ഇറാനിൽ ഇന്ന് നടക്കുന്നത് വലിയ കർത്താവിന്റെ ദൈവപ്രവൃത്തിയാണ്.

ഇറാനെ സംഭന്ധിച്ചിടത്തോളം കോറോണ വൈറസിന്റെ ഒരു പ്രധാന കേന്ദ്രമാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ആശ നഷ്ടപ്പെട്ട ധാരാളം കോവിഡ് കൾ കർത്താവിന്റെ അടുക്കലേയ്ക്ക് വന്നു. ചിലർക്ക് പൂർണ്ണ സൗഖ്യവും ലഭിച്ചു. കഷ്ടത്തിലും, ക്ലേശത്തിലും ആയപ്പോൾ ചിലതൊക്കെ കർത്താവിനെ കണ്ടുമുട്ടി. മാദ്ധ്യമങ്ങളിലെ വാർത്തകൾ കണ്ടിട്ട് നിങ്ങളുടെ ബോധം ന,്ടപ്പെട്ടുത്തരുതെന്നാണ് ഞങ്ങൾ പറയുന്നത്. മീഡിയയുടെ കണ്ണുകളിൽ കൂടി കാര്യങ്ങൾ ദർശിക്കാം. കർത്താവ് തന്റെ സഭയുടെ പണികൾ നടത്തുകയും വളർത്തുകയും ചെയ്യുന്നു.

**സാമി ടിഫിറ്റ്**: ആമേൻ, ഇത് വളരെ രോമാഞ്ചമുളവാക്കുന്നതാണ്. മൈക്ക്, നിനക്കു എനിക്കു വളരെ പരിചയവുമുള്ള ടെഹറാനി സഭയുടെ പാസ്റ്റർ. അവർ എന്നോടു പറഞ്ഞത്. രണ്ടുപേർ ഒരു വർഷം പുതുതായിട്ട് സഭയിൽ വന്നാൽ – സഭയിൽ ഉണർവ്വ് ഉണ്ടെന്നതാണ്. എന്നാൽ ഇത് വളരെ സ്പോടാനത്മകമായ നിലയിൽ വ്യാപിക്കുകയും സഭ വളരുകയും ചെയ്യുന്നു. ദൈവിക പ്രവർത്തികൾ കാണുമ്പോൾ വളരെ അത്ഭുതം തോന്നുന്നു.

പാസ്റ്റർ ജോളി എങ്ങനെയും ഇൻഡ്യയുടെ പ്രവർത്തനങ്ങൾ :

**ജോളി സിഡു:** നന്ദി സാമി ഇറാനിലെയും ചൈനയിലെയും എന്റെ സഹോദരന്മാരെ ശ്രദ്ധിക്കുവാൻ കർത്താവ് ഇതുപോലെയുള്ളൊരു അവസരം തന്നതിനാൽ ദൈവത്തിനു നന്ദി കരേറ്റുന്നു. ഞാൻ പറയട്ടെ, കർത്താവ് ഇന്ത്യയിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പ്രത്യേകിച്ച് വടക്കേ ഇൻഡ്യയിൽ പത്തുവർഷങ്ങൾക്ക് മുമ്പ്, ഇത് ഒരിക്കലും ദൈവദാസന്മാർക്ക് പ്രവേശിക്കുവാൻ പറ്റാത്ത ഒരു ഭൂപ്രദേശമായിരുന്നു. ഞാൻ ഈ 20 വർഷങ്ങൾക്ക് മുമ്പ് മാനസാന്തരപ്പെട്ടു കർത്താവിന്റെ സന്നിധിയിലേക്ക് വന്നു. ഞാനാണ് എന്റെ ചുറ്റുപാടിൽ നിന്നും ആദ്യം രക്ഷിക്കപ്പെട്ടത്. ഇന്ന് ഞാൻ നോക്കുമ്പോൾ പഞ്ചാബിൽ അനേകം പ്രിയപ്പെട്ടവർ സഭയിലേക്ക് വരുന്നതായിട്ട് കാണുന്നു. നൂറ് കണക്കിനു ആൾക്കാർ രക്ഷിക്കപ്പെട്ടിരിക്കുന്നു. നൂറ് കണക്കിനു ആൾക്കാർ രക്ഷിക്കപ്പെട്ടിരിക്കുന്നു. കോവിഡ് -19 -ന്റെ കാലത്തു അനേകർ പുതുതായി രക്ഷിക്കപ്പെട്ടു സഭയോടു ചേരുന്നു.

(ശേഷം അടുത്തലക്കം)

(2-ാംപേജിന്റെ തുടർച്ച)

**പ്രാർത്ഥനയിൽ കാര്യങ്ങൾ നിരത്തുക**

വളരെ സമർപ്പിക്കപ്പെട്ടും – ശ്രദ്ധയോടുകൂടിയും / ആത്മാർത്ഥതയോടും കൂടി പ്രാർത്ഥിച്ചും/ പ്രാർത്ഥനയിൽ കാര്യങ്ങൾ ദൈവമുമ്പാകെ നിരത്തുക.

നമുക്ക് ചുറ്റുമുള്ള കാര്യങ്ങൾ നഷ്ടമാകുവാൻ ഒരു പക്ഷേ ദൈവം അനുവദിച്ചാൽ? കഷ്ടതയും, ദുഷ്ടതയുമുള്ള ഒരു കാലഘട്ടം നമ്മുടെ മുമ്പിൽ വരുന്നുവെങ്കിൽ, തീർച്ചയായി നമ്മൾ സമയം പാഴാക്കി കളയാതെ ഗവൺമെന്റിൽ കൂടി കാര്യങ്ങൾ നേടി എടുക്കുവാൻ, ഗവൺമെന്റിൽ കൂടി കാര്യങ്ങൾ ക്രമീകരിക്കപ്പെടേണ്ടതിനു കാരണം സർക്കാരുകൾ കർത്താവിന്റെ ചുമലിലാണ് ഇരിക്കുന്നത്! ഇന്ന് ഞാൻ എന്താണ് പറയുന്നത്, സഭ, ശരി തന്നെ, തിന്മ വരും – അതു തന്നെയാണ് എഴുതിയിരിക്കുന്നത്. ശരിയാണ് ഈ ലോകത്തിൽ നമുക്ക് കഷ്ടം ഉണ്ട്. എന്നാൽ നമുക്ക് ക്രിസ്തുവിൽ ധൈര്യപ്പെടാം, അവൻ ലോകത്തെ ജയിച്ചവനാണ് (യോഹ. 16:33). അവിടുന്ന് നമ്മോട് ചോദിക്കുകയാണ്. സഭയെ കുടുംബങ്ങളെ പ്രാർത്ഥനയിൽ ദൈവമുമ്പാകെ നിറുത്തുമോ? തടവുകാരെ പ്രാർത്ഥനയിൽ ഓർത്തു പ്രാർത്ഥിക്കാമോ? യാഥാർത്ഥം എന്താണെന്ന് ചോദിച്ചാൽ സഭ പ്രാർത്ഥനയിൽ മുഷ്ടിയുദ്ധം ചെയ്താൽ ചങ്ങലകൾ താഴെ വീണുപോകും. ദൂതൻ വന്ന് പത്രോസിനെ പുറത്തു കൊണ്ടുവരും. ഇതുവരെയും വീണ ചങ്ങലകളെക്കാൾ അധികം ചങ്ങലകൾ താഴെ വീണുപോകും. ദൂതൻ വന്ന് പത്രോസിനെ പുറത്തുകൊണ്ടുവരും. ഇതുവരെയും വീണ ചങ്ങലകളെക്കാൾ അധികം ചങ്ങലകൾ താഴെ വീഴുവാൻ ദൈവം സഹായിക്കും.

നമ്മുടെ ഭരണകർത്താക്കൾക്കു വേണ്ടി പ്രാർത്ഥിക്കുവാൻ നിയോഗിക്കപ്പെട്ടവരാണ് നമ്മൾ. ദൈവം നമ്മെ വിളിച്ചത് രക്ഷിക്കപ്പെടാത്ത നഷ്ടപ്പെട്ടവർ രക്ഷയിലേക്ക് വരുവാൻ വേണ്ടി പ്രാർത്ഥിക്കുവാൻ കർത്താവിന്റെ പ്രവർത്തികളെ നമ്മൾ കൂടുതൽ കത്തിച്ചു കളയുകയാണെങ്കിൽ ഒരിക്കലും നമുക്ക് ചുറ്റുപാടും ഇറങ്ങി കർത്താവിനുവേണ്ടി ശ്രദ്ധയോടുകൂടി ഒന്നും ചെയ്യുവാൻ കഴിയുകയില്ല. നമ്മുടെ വീട്ടിൽ എന്തെങ്കിലും കുഴപ്പം സംഭവിച്ചാൽ നമ്മുടെ സമൂഹത്തിൽ എന്തെങ്കിലും കുഴപ്പം സംഭവിച്ചാൽ കർത്താവ് നമ്മോടു പറയുകയാണ് അവിടുത്തെ രാജ്യത്തിലേയ്ക്ക് ആ പ്രയാസം കൊണ്ടുവരാൻ!

നാം എല്ലാം ദൈവസന്നിധിയിൽ നിരത്തി വയ്ക്കുവാൻ തയ്യാറണോ? നാം കൊണ്ടുവരുമോ? നാം ഒരു വിഭാഗീയതയും കൂടാതെ ഒന്നാണെന്നുള്ള കാഴ്ചപ്പാടു മനുഷ്യരായ നമുക്ക് ഉണ്ടെങ്കിൽ കർത്താവായ യേശുക്രിസ്തു അവിടുന്നു നമുക്ക് എല്ലാവർക്കുമായിട്ടു പ്രാർത്ഥിച്ചും (യോഹ. 17:21 -23). നമ്മുടെ കാഴ്ചപാടുകൾ എങ്ങനെയാണ്? എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുവാൻ തയ്യാറാണോ? പ്രവാസത്തിലുള്ള/ അടിമത്വത്തിലുള്ള എല്ലാവരും സ്വതന്ത്രരാകുവാൻ പോകുന്നു, എല്ലാവരുടെയും കരങ്ങളിൽ നിന്നു ചങ്ങല പൊട്ടി താഴെ വീഴുവാൻ വേണ്ടി ദൈവസന്നിധിയിൽ എല്ലാം അർപ്പിക്കാമോ?

നമുക്ക് ചുറ്റും പ്രശ്നങ്ങൾ സംഭവിക്കുവാൻ കർത്താവ് അനുവദിക്കുന്നു. അവിടുന്ന് നമ്മെ സ്നേഹിക്കാത്തതു കൊണ്ടല്ല ഇത്, പ്രത്യുത അവിടുന്ന് നമ്മളെ സ്നേഹിക്കുന്നതുകൊണ്ടാണ്. അവിടുന്ന് നമ്മോട് നേരത്തെ നാം അവിടുത്തെ സന്നിധിയിൽ പ്രാർത്ഥനയിൽ കാര്യങ്ങൾ അവതരിപ്പിച്ചതിനെക്കാൾ ഇന്ന് കൂടുതൽ അവിടുത്തേക്ക് പറയണം. ❖

(3-ാം പേജിന്റെ തുടർച്ച)

**നിങ്ങളുടെ അയൽക്കാർക്കു വേണ്ടി പ്രാർത്ഥിക്കാം**

മത്തായി. 5:14-16 പറയുന്നു " നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു. മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല. വിളക്കു കത്തിച്ചു പറയിൻകീഴല്ല തണ്ടിന്മേലത്രേ വയ്ക്കുന്നതു. അപ്പോൾ അതു വീട്ടിലുള്ള എല്ലാവർക്കും പ്രകാശിക്കുന്നു. അങ്ങനെ തന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവർത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ". നമ്മുടെ അയൽക്കാർ കാണണം" ദൈവത്തിന്റെ പ്രകാശം നിങ്ങളിൽ. അവർ നിങ്ങളിൽ ചില വ്യത്യാസങ്ങൾ കാണുമ്പോൾ, അവർ ആഗ്രഹിക്കുന്നു എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചെന്നും അവരുടെ ജീവിതത്തിലും ഇതു നേടി എടുക്കുവാൻ ശ്രമിക്കുകയും ചെയ്യും. ദൈവീക പദ്ധതികളും ലക്ഷ്യങ്ങളും നമ്മുടെ ജീവതത്തിൽ പ്രകാശിക്കുവാനുള്ള സാഹചര്യം ഒരുക്കി കൊടുക്കണം.

നമ്മുടെ അയൽക്കാർക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ കർത്താവിനോട് പറയണം അവർക്കായിട്ടു കരുതുവാനുള്ള അവസരങ്ങൾ നല്കിതരുവാൻ. തീർച്ചയായിട്ടും പ്രായമായ ഒരു സ്ത്രീക്കു തന്റെ മൈതാനത്തിലെ പുല്ലു വെട്ടാൻ ഒരു സഹായിയെ, ഒരു കൈ കുഞ്ഞുമായി ിരിക്കുന്ന സ്ത്രീക്ക് ഒരു പരസഹായം ആവശ്യമാണ്. കടയിൽ നിന്നും സാധനങ്ങൾ വാങ്ങുവാൻ പുതിയ കുടും ബ ജീവിതത്തിലേക്കു പ്രവേശിച്ചവർ നിങ്ങൾക്ക് ഒരു ഡിന്നർ നല്കിയിട്ട് കുടുംബവിവരങ്ങൾ അന്വേഷിക്കുവാൻ താല്പര്യപ്പെടുന്നുണ്ടായിരിക്കാം. ദൈവത്തോടു നിങ്ങൾ ചോദിക്കുന്നുവെങ്കിൽ തീർച്ചയായിട്ടു പുതിയ അവസരങ്ങൾ നിങ്ങൾക്കായി തുറന്നുകിട്ടും. അങ്ങനെ നിങ്ങളുടെ പ്രകാശം മറ്റുള്ളവരിൽ പ്രകാശിക്കുവാൻ സാഹചര്യം ഉണ്ടാകൂ. അയൽക്കാർക്കു വേണ്ടി പ്രാർത്ഥിക്കുന്നതിൽ കൂടി അവർക്കു വേണ്ടി കരുതുവാനുള്ള സാഹചര്യം ലഭിക്കുമ്പോൾ തന്നെ അവരോടു യേശുവിനെ കുറിച്ചു പറയുവാനുള്ള അവസരവും ലഭിക്കും.

**ജീവന്റെ പ്രകാശം**

യേശു പിന്നെയും അവരോട് സംസാരിച്ചു: " ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവർ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവനാകും എന്നു പറഞ്ഞു" (യോഹ.8:12). നഷ്ടപ്പെട്ടുപോയവരെ കണ്ടെത്തുകയും അവർ ക്രിസ്തുവിനെ അറിയുകയുമാണ് ദൈവീക പദ്ധതി. നമ്മൾ കർത്താവിനോടു ചേർന്നു നടക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെടുകയും ഹൃദയങ്ങളിൽ യേശുവിനെ അറിയുവാനുള്ള സാഹചര്യങ്ങൾ ഉണ്ടാകുകയും ചെയ്യും.

നമ്മുടെ അയൽക്കാർക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോൾ അത്ഭുതകരമായ സംഭവങ്ങൾ നടക്കുന്നു. കർത്താവ് സ്നേഹിച്ചതു പോൽ സ്നേഹിപ്പാനും വളരെ അവർക്കു വേണ്ടി കരുതുവാനും അങ്ങനെ കർത്താവ് ചെയ്തതു പോൽ നമുക്കു ചെയ്യാൻ കഴിയും.

**അഞ്ച് തരം അനുഗ്രഹങ്ങൾ**

അയൽക്കാർക്കുവേണ്ടി / മറ്റുള്ളവർക്കു വേണ്ടി പ്രാർത്ഥിക്കുമ്പോൾ 5 അനുഗ്രഹങ്ങൾ അടങ്ങിയിരിക്കുന്നതായിട്ടു കാണുന്നു. ഇംഗ്ലീഷ് ഭാഷയിലുള്ള Bless : B ബോഡി (ശരീരം) അവരുടെ ശരീരത്തിന്റെ ആരോഗ്യം തീരകും, ശരീരത്തിനും, സുരക്ഷിതത്വത്തിനുമായിട്ടു പ്രധാനം L -ലേബർ -ജോലി - അവരുടെ ജോലി, സ്കൂൾ, സാമ്പത്തികം ഇതനായിട്ടു പ്രാർത്ഥിക്കുക.

**E - വൈകാരികം** - അവരുടെ വൈകാരികമായ ആവശ്യങ്ങൾക്കായിട്ടു പ്രാർത്ഥിക്കുക.

**S - സാമൂഹികം** - സുഹൃത്തുക്കളോടും കുടുംബാംഗങ്ങളോടുള്ള അവരുടെ ബന്ധങ്ങൾക്കായിട്ടു പ്രാർത്ഥിക്കുക.

**S- ആത്മികം** - യേശു ക്രിസ്തുവുമായിട്ടുള്ള അവരുടെ ബന്ധത്തിനായിട്ടു പ്രാർത്ഥിക്കുക.

നിങ്ങളുടെ അയൽക്കാർക്കു വേണ്ടിയുള്ള ഈ അഞ്ച് തരം അനുഗ്രഹങ്ങളുടെ പ്രാർത്ഥന വളരെ കാര്യക്ഷമവും ആണ്. ദൈവവചനം അവരുടെ ജീവിതത്തിൽ നിവർത്തീകരിക്കേണ്ടതിനു വേണ്ടി പ്രാർത്ഥിക്കുക. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

**ശരീരം** - കർത്താവേ എന്റെ അയൽപക്കക്കാർക്ക് സമാധാനത്തോടും സുരക്ഷിതത്വവുമായിട്ടു വിശ്രമിക്കുവാൻ സഹായിക്കേണമേ. (സങ്കീ. 4:8).

**തൊഴിൽ** : അവിടുത്തെ വലിയ കൃപ എന്റെ അയൽ ക്കാരുടെ മേൽ പകർന്ന് അവരുടെ കൈകളുടെ പ്രവർത്തി യെ സാദ്ധ്യമാക്കി തീർക്കേണമേ (സങ്കീ. 90:17).

**വൈകാരികം** : പിതാവേ, ഞങ്ങളുടെ അയൽക്കാർക്ക് സമാധാനത്തിലും, സുരക്ഷിത ഭവനങ്ങളിലും, യാതൊരു ശല്യമില്ലാത്ത ദേശങ്ങളിലും താമസിക്കുവാൻ സഹായിക്കേണമേ. (യെശ. 32:18). ദൈവമേ അവരെ സഹായിക്കേണമേ. " യഹോവയിങ്കലെ സന്തോഷം നിങ്ങളുടെ ബലം ആകുന്നു" (8:10)

**സാമൂഹികം**: ദൈവമേ ഞങ്ങളുടെ അയൽക്കാർക്ക് " തീർച്ചയ്ക്കു എല്ലാവരും ഐകമത്യവും സഹതാപവും സഹോദരപ്രീതിയും, മനസ്സലിവും, വിനയബുദ്ധിയും ഉള്ളവരായിരിപ്പിൻ " (1പത്രൊ. 3:8).

**ആത്മീകം** : സർവ്വകൃപാലുവായ കർത്താവേ, എന്റെ അയൽക്കാർ അവിടുന്ന് വഴിയും സത്യവും ജീവനുമാണെന്ന് കാണട്ടെ. അവർ അറിയട്ടെ. " ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹ. 14:6).

**ശക്തമായ ദൈവപ്രവൃത്തി**

പ്രാർത്ഥനയുടെ ഈ എളിയ മാതൃകയിൽ കൂടി വളരെ വലിയ ദൈവപ്രവൃത്തികൾ നിങ്ങൾക്ക് കാണാൻ കഴിയും. അത്ര പെട്ടെന്നല്ലായെങ്കിൽ പോലും അയൽക്കാർക്കു വേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങുമ്പോൾ നിങ്ങൾക്ക് അറിയുവാൻ കഴിയും. എത്ര വലിയ ദൈവ സ്നേഹമാണ് ദൈവം നിങ്ങളുടെ ഹൃദയത്തിൽ നല്കിയിരിക്കുന്നതെന്ന് അവർക്കുവേണ്ടി കരുതുന്നതിൽ കൂടി യേശുവിന്റെ കരുതലുകളാണ് വെളിപ്പെടുത്തുന്നത്, അപ്പോൾ, നിങ്ങൾക്ക് അനുഭവിക്കുവാൻ കഴിയും. ദൈവത്തിന്റെ പരിശുദ്ധാത്മാവ് സുവിശേഷം അവരോടു പറയുവാൻ പ്രേരണ നല്കുന്നത്. അവർ അറിയും എന്നാണ്. കർത്താവ് നിങ്ങളുടെ ജീവിതത്തിൽ ചെയ്തത്. കാരണം പ്രാർത്ഥനയിൽ കൂടി നിങ്ങൾ അതിനുള്ള സാഹചര്യങ്ങൾ ഒരുക്കുകയാണ്. അവർക്ക് വേണ്ടിയുള്ള കരുതലിൽ കൂടി അത് നിങ്ങൾ വെളിപ്പെടുത്തിയിരിക്കുകയാണ്. അവർ നിങ്ങളോടു വളരെ അടുത്തവരും. നിങ്ങളിൽ നിന്നു കൂടുതൽ ശ്രവിക്കുവാനായിട്ട്.

ദൈവമക്കളെ, അയൽക്കാർക്കു വേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങുക. ക്രിസ്തുവിനെ പോൽ നിങ്ങൾക്കു ലഭിക്കും. ഒരുമിച്ചു പ്രാർത്ഥിക്കുവാനും കൂട്ടായ്മ ആചരിക്കുവാനും കരുതുവാനും യേശുവിനെ കൂടുതൽ അറിയിക്കുവാനും നിങ്ങളുടെ അയൽക്കാരോടും. ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975